(2) നിയമസഭാ ചട്ടലംഘനം

ശ്രീ. രമേശ് ചെന്നിത്തല: സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ബിൽ സഭയുടെ രണ്ടാം സമ്മേളനത്തിൽ അവതരിപ്പിച്ച്, 2021 ആഗസ്റ്റ് മാസം 11-ാം തീയതി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച ഒരു ബില്ലാണ്. 29-09-2021-ൽ ചേർന്ന സബ്ജക്ട് കമ്മിറ്റിയുടെ യോഗത്തിൽ ഈ ബിൽ അംഗീകരിക്കുകയുണ്ടായി. നിലവിൽ അത് സഭയുടെ മുമ്പാകെ പരിഗണനയ്ക്കുള്ള ബില്ലാണ്. പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിൽ ഉൾക്കൊള്ളുന്ന കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ് 2021-ലെ 113-ാം നമ്പർ ഓർഡിനൻസ് 2021 ഓഗസ്റ്റ് മാസം 23-ാം തീയതി വീണ്ടും പുറപ്പെടുവിക്കുകയുണ്ടായി. ഗസറ്റ് തീയതി 26-8-2011 ആണ്. നിയമസഭാ ചട്ടം 75 (2) പ്രകാരം, നിയമസഭയുടെ മുമ്പാകെ നിലവിലുള്ള ഒരു ബില്ലിന്റെ വ്യവസ്ഥകൾ മുഴുവനായോ ഭാഗികമായോ അഥവാ ഭേദഗതിയോടുകൂടിയോ ഉൾക്കൊള്ളുന്ന ഒരു ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തുന്ന സന്ദർഭങ്ങളിലെല്ലാംതന്നെ ഓർഡിനൻസ് പുറപ്പെടുവിച്ച് തൊട്ടടുത്തുവരുന്ന സമ്മേളനത്തിന്റെ ആരംഭത്തിൽ ഓർഡിനൻസ്‌വഴി അടിയന്തര

നിയമനിർമ്മാണം നടത്തേണ്ട ആവശ്യകതയെ സംബന്ധിച്ച് വിശദീകരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കണമെന്ന് പ്രത്യേകം ചട്ടം അനുശാസിക്കുകയാണ്. എന്നാൽ, ഈ ഓർഡിനൻസ് 04-10-2021-ൽ സഭയുടെ മേശപ്പുറത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വച്ചിട്ടുണ്ടെങ്കിലും അതോടൊപ്പം വയ്ക്കേണ്ട പ്രസ്താവന അന്നേദിവസം സഭയുടെ മുമ്പാകെ വച്ചിട്ടില്ല. അത് സഭാചട്ടം 75 (2)-ന്റെ ലംഘനമാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.